

TUESDAY 20/08/2024 ചൊവ്വാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development & Farmer's Welfare Department

Government of Kerala

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan


Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/08/2024

1. കേരളഗ്രോ ബ്രാൻഡ് ലഭിച്ച ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്തുടനീളം എല്ലാ ജില്ലകളിലും ഓരോ കേരള ബ്രാൻഡഡ് ഷോപ്പുകളും കേരളഗ്രോ റീട്ടെയിൽ ഔട്ട്ലെറ്റുകളും കൃഷിവകുപ്പ് അനുവദിച്ചിട്ടുണ്ട്. അത്തരത്തിൽ കൃഷിവകുപ്പ് ആരംഭിക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം വൈറ്റിലയിൽ സഹൃദ ഫാർമേഴ്സ് വെൽഫെയർ ഓർഗനൈസേഷനിൽ വച്ച് നടത്തപ്പെടുന്നു. 2024 ഓഗസ്റ്റ് 23-ന് 3:00 മണിക്ക് തൃക്കാക്കര എംഎൽഎ ഉമ തോമസ് അധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് കേരള ബ്രാൻഡ് ഷോപ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുന്നു. ബ്രാൻഡഡ് ഉൽപന്നങ്ങൾക്ക് പുറമേ ജൈവ ഉൽപ്പന്നങ്ങൾക്ക് മാത്രമായി പ്രത്യേക വിഭാഗവും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. കർഷകർക്ക് മികച്ച വരുമാനവും വിപണിയിൽ പോഷക സമൃദ്ധമായ ഭക്ഷണവും ലഭ്യമാക്കുവാൻ ലക്ഷ്യമിട്ടാണ് കേരള ബ്രാൻഡഡ് ഷോപ്പ് പ്രവർത്തിക്കുന്നത്.

2. കൃഷിവകുപ്പ് സംസ്ഥാനത്ത് 2000 ഓണച്ചന്ത നടത്തും. പൊതുവിപണിയിൽ കാർഷികോത്പന്നങ്ങൾക്ക് വിലവർധിക്കുന്ന സാഹചര്യം കണക്കിലെടുത്താണ് എല്ലാ ഗ്രാമപ്പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ പരിധിയിലും കുറഞ്ഞത് ഒരു ഓണവിപണിയെങ്കിലും നടത്താൻ കൃഷിമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചത്. 1076 വിപണി കൃഷിവകുപ്പ് നേരിട്ടും 160 എണ്ണം വി.എഫ്.പി.സി.കെ.വഴിയും 764 എണ്ണം ഹോർട്ടികോർപ്പ് വഴിയുമാണ് നടത്തുക. സെപ്റ്റംബർ 11 മുതൽ 14 വരെയാണ് ഓണവിപണി പ്രവർത്തിക്കുക.

3. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനവും മൂല്യ വർദ്ധനവും കണ്ടറിഞ്ഞ് പ്രാദേശികതലത്തിൽ കൃഷി ആസൂത്രണം ചെയ്തു നടപ്പാക്കാനായി **കൃഷി സമൃദ്ധി പദ്ധതി**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടപ്പിലാക്കുന്നു. ആദ്യഘട്ടത്തിൽ 107 ഗ്രാമപഞ്ചായത്തുകളിൽ ഓണത്തോട് അനുബന്ധിച്ച് പദ്ധതി തുടങ്ങാനാണ് കൃഷിവകുപ്പിന്റെ തീരുമാനം. മൂന്ന് ഘട്ടങ്ങളിലായി 2026 ഓടെ കൃഷിക്ക് പ്രാധാന്യമുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും പദ്ധതി വ്യാപിപ്പിക്കും. തദ്ദേശസ്ഥാപനങ്ങൾ, സഹകരണ മേഖല എന്നിവയുമായി കൈകോർത്താണ് കൃഷി സമൃദ്ധി നടപ്പാക്കുന്നത്. പോഷക സമൃദ്ധി മിഷൻ, ജൈവ കാർഷിക മിഷൻ എന്നിവയും ഇതുമായി ബന്ധിപ്പിക്കും

4. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ തെങ്ങ്, മാവ്, പ്ലാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങളിൽ നിന്നും 01. 09.2024 മുതൽ 31.08.2025 വരെയുള്ള ഒരു വർഷക്കാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം 30.08.2024 പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ആയിരം രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്. ഫോൺ **0471 – 2732962.**

## പരിശീലന പരിപാടി

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **'ആടുവളർത്തൽ ശാസ്ത്രീയ പരിപാലന രീതികൾ'**എന്ന വിഷയത്തിൽ 2024 ആഗസ്റ്റ് 23 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ആഗസ്റ്റ് 28 മുതൽ 30 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിലോ **training@rubberboard.org.in** എന്ന ഇ-മെയിലിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം